(സി)&(ഡി) കേന്ദ്ര സർക്കാരിന്റെ ഐ.സി.ഡി.എസ്. മാനുവൽ പ്രകാരം അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവർ ഓണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സന്നദ്ധ സേവകരാണ്. ഇവരുടെ സേവന-വേതന വ്യവസ്ഥകൾ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന പ്രകാരമാണ്. ഇവർക്ക് പ്രത്യേക ശംബളസ്കെയിലോ, സർവ്വീസ് ചട്ടങ്ങളോ, പെൻഷനോ നിശ്ചയിച്ചിട്ടില്ല. ഇവരുടെ നിയമനം നടത്തേണ്ടത് ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരും ഉൾപ്പെട്ട ഒരു കമ്മിറ്റി ആയിരിക്കണമെന്ന് ഐ.സി.ഡി.എസ് നിയമാവലിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇവരെ കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ, പി.എസ്.സി.വഴിയോ നടത്തുവാൻ നിർവ്വാഹമില്ല.

മന്ദബുദ്ധികളായവർക്ക് തൊഴിലവസരങ്ങൾ

54 (2110)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര മന്ദബുദ്ധികൾ ഉണ്ടെന്നതിന്റെ കണക്ക് എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ അവർ എത്രയുണ്ടെന്നും കേരളത്തിലെ ജനസംഖ്യയുടെ എത്ര ശതമാനമാണ് അവർ എന്നും വ്യക്തമാക്കുമോ;

(സി) കേരളത്തിൽ തൊഴിൽ പരിശീലനം നേടിയ മന്ദബുദ്ധികളായ കുട്ടികൾക്ക് തൊഴിൽ അവസരങ്ങൾ നൽകാനും അവർ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനും എന്തെങ്കിലും സംവിധാനം ഉണ്ടെങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ മന്ദബുദ്ധികളായവരുടെ കണക്ക് എടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേരളത്തിൽ തൊഴിൽ പരിശീലനം നേടിയ മന്ദബുദ്ധികളായ കുട്ടികൾക്ക് തൊഴിൽ അവസരങ്ങൾ നൽകാനും അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനും ഇപ്പോൾ സംവിധാനം ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

55 (2111)ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികലാംഗക്ഷേമകോർപ്പറേഷൻ രൂപീകരിച്ചത് ഏത് നിയമ വ്യവസ്ഥ അനുസരിച്ചാണെന്ന് വെളിപ്പെടുത്തുമോ;

(ബി) കോർപ്പറേഷന്റെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏത് നിയമപ്രകാരമാണ് നിജപ്പെടുത്തിയിട്ടുള്ളത്;

(സി) കെ.എസ്.ആർ പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും ജീവനക്കാർ അർഹരാണോ;

LIBRARY ARCHIVES Kerala Legislative Assembly